# മലപ്പുറം സ്റ്റേഡിയം പദ്ധതി ഉപേക്ഷിക്കുക

# കോട്ടക്കുന്ന് സംരക്ഷിക്കുക

**പി.സുന്ദരരാജൻ**

മലപ്പുറം ജില്ലയുടെ ആസ്ഥാനമായ മലപ്പുറത്തിന്റെ നെറുകയിൽ സ്ഥിതി ചെയ്യുന്ന കോട്ടക്കുന്നിന്റെ മുകൾപരപ്പിൽ ഒരു അന്താരാഷ്ട്ര സ്റ്റേഡിയം പണിയാനുള്ള ഒരുക്കത്തിലാണ് ജില്ലാ ഭരണകൂടം.സ്റ്റേഡിയമെന്ന സ്വപ്നം യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയിലാണ് ഫുട്ബോൾ പ്രേമികളായ നാട്ടുകാരിൽ പലരും.ഫുട്ബോൾ കമ്പത്തിന്റെ ആവേശത്തിൽ കോട്ടക്കുന്നിൽ സ്റ്റേഡിയം പണിതാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പലർക്കും ചിന്തിക്കാൻ കഴിയുന്നില്ല.

ടിപ്പുവിന്റെ പടയോട്ടത്തിന്റെയും മലബാർ കലാപത്തിന്റെയും ചരിത്രനിക്ഷേപങ്ങൾ നിറഞ്ഞ കോട്ടക്കുന്നിന്റെ പൂർണ്ണനാശത്തിന് കാരണമായേക്കാവുന്ന ഈ പദ്ധതി വികസനത്തിന്റെ പാതയിലെ വലിയൊരു ചുവടുവെയ്പ്പാണെന്ന് അധികാരികളും മുഖ്യധാരാപത്രങ്ങളും നിരന്തരമായി കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്നു. വികസനസപ്ലിമെന്റുകൾ ഇറക്കികൊണ്ട് ഇന്റർനാഷണൽ സ്റ്റേഡിയം മലപ്പുറത്തിന്റെ അടിയന്തിരാവശ്യമാണെന്ന് മത്സരിച്ചുസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ് രണ്ടുപ്രമുഖപത്രങ്ങൾ.

കോട്ടക്കുന്നിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കിയാലുണ്ടാകുന്ന ഭൂമിശാസ്ത്രപരവും, പാരിസ്ഥിതികവും, സാമ്പത്തികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ഈ പത്രങ്ങൾ നിശ്ശബ്ദത പുലർത്തുന്നു.

എത്രയോ വർഷങ്ങൾക്ക് മുൻപ് തയ്യാറാക്കിയ യഥാർത്ഥ എസ്റ്റിമേറ്റ് പ്രകാരം രണ്ടരക്കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിക്ക് സ്പോർട്ട്സ് യുവജനക്ഷേമ വകുപ്പിന്റെ അംഗീകാരം ലഭിച്ചത് അടുത്തകാലത്താണ്. അതും 36 ലക്ഷം രൂപയുടെ അനുമതി മാത്രം! ഇപ്പോഴത്തെ നിരക്കിൽ എത്രയോ കോടികളുടെ ചെലവുവരുന്ന ഈ പദ്ധതി മലപ്പുറത്തിന്റെ പാരിസ്ഥിതികസന്തുലനത്തെ തന്നെ തകിടം മറിക്കാനിടയുണ്ട്. മഹത്തായ സ്വപ്നസാക്ഷാത്ക്കാരം എന്ന് കൊട്ടിഘോഷിച്ച് അഞ്ച് വർഷം മുൻപ് 65 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച കൊച്ചിയിലെ ജവഹർലാൽ നെഹ്റുസ്റ്റേഡിയം പ്രതീക്ഷിച്ച വരുമാനമൊന്നും ലഭിക്കാതെ, കടബാദ്ധ്യതകൾ കാരണം ലേലത്തിൽ വെച്ചിരിക്കുകയാണെന്ന വസ്തുത മലപ്പുറത്തെ സ്റ്റേഡിയം വാദികൾ മറന്നുപോകുന്നു. ഇതിനായി കടമെടുത്ത സംഖ്യക്ക് ദിനംപ്രതി ഒന്നേകാൽ ലക്ഷം രൂപ പലിശയടച്ചുകൊണ്ടിരിക്കുകയാണ് ജി.സി.ഡി.എ. എറണാകുളം പോലൊരു വലിയ നഗരത്തിൽ ഒരു ഇന്റർനാഷണൽ സ്റ്റേഡിയത്തിന്റെ അവസ്ഥ ഇതാണെങ്കിൽ, മലപ്പുറത്ത് പണിയാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ചെറുകുന്നുകളുടേയും, താഴ്‌വരകളുടെയും നാടായ മലപ്പുറത്തിന്റെ ശിരസ്സാണ് കോട്ടക്കുന്ന്. പുറമേക്ക് വരണ്ടതെങ്കിലും മലപ്പുറത്തിന്റെ ജലസംഭരണിയാണ് പ്രകൃതിമനോരമായ ഈ കുന്നെന്ന് ചുറ്റുമുള്ള ജലാശയങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പ്രകൃതിയുടെ വരദാനമായ ഈ കുന്നിന്റെ മുകൾപരപ്പിലെ ഏഴേക്കർ സ്ഥലമാണ് സ്റ്റേഡിയം നിർമ്മാണത്തിനായി ജില്ലാ സ്പോർട്സ് കൗൺസിലിന് കൈമാറിയിട്ടുള്ളത്. ഈ ഏഴ് ഏക്കർ സ്ഥലം ആഴത്തിൽ വെട്ടിത്താഴ്ത്തി(കാറ്റു പിടിക്കാതിരിക്കാൻ) സ്റ്റേഡിയം നിർമ്മിക്കുന്നതോടു കൂടി മലപ്പുറത്ത് ജലക്ഷാമവും ഭൂകമ്പസാദ്ധ്യതയും ഉണ്ടാകാനിടയുണ്ട്- പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് വേണ്ടത്ര പഠനം നടത്താതെയാണ് ഈ ഒരു പദ്ധതി ഇതു പോലൊരു കുന്നിൽ നടപ്പിലാക്കുന്നതെന്ന കാര്യവും ഓർക്കേണ്ടതുണ്ട്-നൂറ്റാണ്ടുകളുടെ പടയോട്ടങ്ങളുടേയും,യുദ്ധങ്ങളുടേയും (മലബാർ കലാപം ഉൾപ്പെടെ) ചരിത്രമുറങ്ങുന്ന കോട്ടക്കുന്ന് സംരക്ഷിച്ച് നിലനിർത്തുന്നതിനു പകരം വെട്ടിത്താഴ്ത്തിയും എടുപ്പുകൾ പണിതും വികലമാക്കുന്നതിൽ യാതൊരു മനസ്സാക്ഷിക്കുത്തും അധികൃതർക്കില്ല എന്നതാണ് ഏറെ കൗതുകകരം.

ഈ അന്ധവികസനനയത്തിനെതിരെ മലപ്പുറത്തെ പരിസ്ഥിതിപ്രവർത്തകരുടേയും ചരിത്രതാൽപ്പര്യമുള്ളവരുടേയും പ്രതിഷേധം അടുത്ത നാളുകളിലായി ഉയരുകയാണ്. മലപ്പുറത്ത് രൂപീകരിക്കപ്പെട്ട കോട്ടക്കുന്ന് സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മാണത്തിനെതിരെയുള്ള പ്രചാരണങ്ങളും പ്രവർത്തനങ്ങളും ശക്തമാക്കാനാണ് തീരുമാനം.

> സ്റ്റേഡിയം നിർമ്മിക്കുന്നതോടു കൂടി മലപ്പുറത്ത് ജലക്ഷാമവും ഭൂകമ്പസാദ്ധ്യതയും ഉണ്ടാകാനിടയുണ്ട്.പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് വേണ്ടത്ര പഠനം നടത്താതെയാണ് പദ്ധതി നടപ്പിലാക്കുന്നത്

**കോട്ടക്കുന്ന് ആക്ഷൻ കമ്മറ്റി യോഗം ആഗസ്റ്റ് 11ന് 4.30 ന് മലപ്പുറം മാളിയേക്കൽ ഓഡിറ്റോറിയത്തിൽ**